

പുല്ലിച്ചിറ അമലോത്ഭവമാതാ
തീർത്ഥാടന ദേവാലയം
പുല്ലിച്ചിറ മാതാവിന്റെ
തിരുനാൾ
മഹോത്സവം
2024 ഡിസം. 12 - 23
മരിയൻ
തീർത്ഥാടനം
നവം. 30 - ഡിസം. 31
ആന്തരികസൗഖ്യ ധ്യാനം
റവ. ഫാ. ബിജിൽ ചക്യത്ത് MSFS
ഡിസം. 16 - 20



*" ദൈവമാതാവ് സ്വർഗ്ഗത്തിലേക്കുള്ള ഗോവണിയാണ്. ഗോവണിവഴി ദൈവം ഇറങ്ങിവന്നത് മനുഷ്യർ മറിയം വഴി സ്വർഗ്ഗത്തിലേക്ക് കയറിപ്പോകുവാനാണ്. "* (വിശുദ്ധ അംബ്രോസ്)

സ്നേഹമുള്ള മരിയഭക്തരേ,

കൊല്ലം രൂപതയിലെ മരിയൻ തീർത്ഥാടന കേന്ദ്രമായ പുല്ലിച്ചിറ അമലോത്ഭവമാതാ ദേവാലയത്തിലേക്കുള്ള **മരിയൻ തീർത്ഥാടനം 2024 നവംബർ 30 ന് ആരംഭിക്കും ഡിസംബർ 31 ന് സമാപിക്കും.**

ജാതിമതഭേദമന്യേ പതിനായിരങ്ങൾക്ക് സൗഖ്യമേകിയ ദൈവമാതാവും ഇടവകയുടെ കാവലാളുമായ അമലോത്ഭവ മാതാവിന്റെ ഈ വർഷത്തെ തിരുനാൾ ആരംഭം **ഡിസംബർ 12 നാണ്.**

കലാചാതുരിയും ക്രൈസ്തവ സംസ്കാരവും തുടിക്കുന്ന തിരുസ്വരൂപക്കൂട്ടിൽ പ്രതിഷ്ഠിച്ചിരിക്കുന്ന പുല്ലിച്ചിറ മാതാവിന്റെ അത്ഭുതരൂപം ഭക്തർക്ക് വണങ്ങാൻ അവസരം ഒരുക്കുന്നത് **ഡിസംബർ 21 നാണ്.** തിരുനാൾ സമാപനം **ഡിസംബർ 23 നുമാണ്.**

ആഴമുള്ള വിശ്വാസത്തിന്റെ പൈതൃകം വെളിവാക്കുന്ന മരിയൻ തീർത്ഥാടന കേന്ദ്രമായ പുല്ലിച്ചിറ അമലോത്ഭവമാതാ ദേവാലയം തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിച്ചിട്ട് 20 വർഷം പൂർത്തിയാകുന്ന ഈ കാലയളവിൽ പരിശുദ്ധ അമ്മയുടെ അനുഗ്രഹം പ്രാപിക്കുവാനും തിരുനാളിന്റെ പുണ്യദിനങ്ങളിലേയ്ക്കും ഏവരെയും ഹൃദ്യം സ്വാഗതം ചെയ്യുന്നു.

പ്രാർത്ഥനയോടെ

**ഫാദർ അമൽരാജ് എഫ്.**
**ഇടവക വികാരി**

## തിരുനാൾ പ്രസിദേന്തിമാർ

1. **അൽബോണി**, പള്ളിവടക്കതിൽ
2. **ലിഡിയജോസഫ്**, ഹേമന്ത്
3. **ബാൾഡ്‌വിൻ സൈമൺ**, സുധാലയം
4. **ആസിയേൻ ആദം അനൂപ്**, പുഴയോരം
5. **അനിൽ റാഫേൽ**, പടിഞ്ഞാറയിൽ
6. **എലനോർറോസ് ബേസിൽ**, അഷിയാന
7. **വിവേക് വർഗീസ്**, വിവേക് ഭവൻ
8. **മേബിൾ ഹിപ്പോളിറ്റസ്**, വാഹന്റ്ഴികം
9. **ഗ്രേസിജോസഫ്**, വിളയിൽ തെക്കേമുറി
10. **ജെഫ്രീ, ജിംസൺ**, ജാക്കി ഡെയിൽ
11. **നെജു നെപ്പോളിയൻ**, പുത്തൻവിള
12. **മാർഗ്രറ്റ് ജോൺ**, പുത്തൻവിള
13. **ബ്രൂണോ വിൽഫ്രെഡ്**, പ്രിയാസ്
14. **ജിംസൺ യേശുദാസ്**, ജിംസൺബിൽഡിംഗ്
15. **ഗോഡ്‌വിൻ സൈമൺ**, ഉഷസ്
16. **വർഗീസ്സ്റ്റാൻസിലാസ്**, ജന്റൻവില്ല (തടത്തിൽ)
17. **അനിൽ ബാസ്റ്റ്യൻ**, ആരോൺ ഡെയിൽ
18. **ജോൺ വിറ്റാലീസ്**, തോട്ടുമുഖം
19. **കാതറിൻ സ്റ്റീഫൻ**, മേഴ്സിമഠം
20. **ഇവൻബെന്നറ്റ് ഫെബിൻ**, നിർമ്മല ഭവൻ
21. **ആൻസി ആന്റണി**, നിർമ്മലാഭവൻ
22. **ടോജി തോമസ് & മേരി ഷെറിൻ**, ചിറ്റഴികം
23. **ബെനഡിക്ട് സി.ആന്റണി**, പെരിങ്ങാലിൽ
24. **കാൾട്ടൻജോസഫ്ക്രിസോസ്റ്റം**, അഷിയാന
25. **നീൽ നെപ്പോളിയൻ**, പുത്തൻവിള
26. **ജസീന്ത അലക്സ്**, ലൗലി ലാൻഡ്
27. **നിമ്മി ജയ്സൺ**, പുന്നവിള
28. **മേബിൾ നെപ്പോളിയൻ**, പുന്നവിള
29. **ഷൈജു ജോൺസൺ**, നെടിയമംഗലം
30. **റ്റെറൻസ് കബലിയാസ്**, മെഡോസ്

# തിരുകർമ്മങ്ങൾ

## 2024 നവംബർ 30 ശനി — പുല്ലിച്ചിറ മരിയൻ തീർത്ഥാടന സമാരംഭം

4.00 pm • **ആഘോഷമായ ജപമാല, നൊവേന** (ആനിമേറ്റേഴ്സ്)
4.30 pm • **തീർത്ഥാടന വിളംബരം**
5.00 pm • **തീർത്ഥാടന സമാരംഭ ദിവ്യബലി**
മുഖ്യകാർമ്മികൻ • വെരി റവ.മോൺ.ബൈജു ജൂലിയാൻ(വികാരി ജനറൽ, കൊല്ലം രൂപത)
വചന സന്ദേശം • റവ.ഫാദർ ബെനറ്റ് എം.വി. (ഇടവക വികാരി, പരുമല)

## 2024 ഡിസംബർ 1 ഞായർ

6.30 am • **ജപമാല, നൊവേന** (ദേവാലയ ശുശ്രൂഷകർ)
7.00 am • **ദിവ്യബലി**
11.00 am • **ജപമാല, നൊവേന** (അൾത്താര ബാലകർ)
11.30 am • **തിരുബാലസഖ്യം അൾത്താര ബാലകർ സംഗമം**
12.00 pm • **ദിവ്യബലി**
മുഖ്യകാർമ്മികൻ • റവ.ഫാദർ റിജോ പോൾ (ഡയറക്ടർ, തിരുബാലസഖ്യം, അൾത്താര ബാലകർ)
തുടർന്ന് • **സ്നേഹവിരുന്ന്**
4.30 pm • **ജപമാല, നൊവേന** (ഇൻഫന്റ് ജീസസ്സ് കുടുംബയൂണിറ്റ്)
5.00 pm • **ദിവ്യബലി**
മുഖ്യകാർമ്മികൻ • റവ.ഫാദർ ജോമോൻ ജോൺ OCD (അസി.പ്രൊവിൻഷ്യൽ ബർസാർ, കമ്പിവിള ആശ്രമം, കൊട്ടിയം)

## 2024 ഡിസംബർ 02 തിങ്കൾ

6.30 am • **ജപമാല, നൊവേന** (സെന്റ്.ജെയിംസ് കുടുബയൂണിറ്റ്)
7.00 am • **ദിവ്യബലി**
11.30 am • **ജപമാല, നൊവേന** (സെന്റ്.ആൻഡ്രൂസ് കുടുംബയൂണിറ്റ്)
12.00 pm • **ദിവ്യബലി**
മുഖ്യകാർമ്മികൻ • റവ.ഫാദർ റൊമാരിയോ ജോസ് (സഹവികാരി, ഇരവിപുരം)
4.30 pm • **ജപമാല, നൊവേന** (സെന്റ്.പീറ്റർ കുടുംബയൂണിറ്റ്)
5.00 pm • **ദിവ്യബലി**
മുഖ്യകാർമ്മികൻ • റവ.ഫാദർ അഖിൽ ബി.റ്റി CSJ (സഹവികാരി, ശക്തികുളങ്ങര)

## 2024 ഡിസംബർ 03 ചൊവ്വ

6.30 am • **ജപമാല, നൊവേന** (സെന്റ്.ജോൺ കുടുംബയൂണിറ്റ്)
7.00 am • **ദിവ്യബലി**
11.30 am • **ജപമാല, നൊവേന** (റോസാമിസ്റ്റിക്ക കുടുംബയൂണിറ്റ്)
12.00 pm • **ദിവ്യബലി**
മുഖ്യകാർമ്മികൻ • റവ.ഫാദർ സഹായഷിബു അഗസ്റ്റിൻ CSJ
(സുപ്പീരിയർ, കടവൂർ മുരിയാൾഡോ ആശ്രമം)
4.30 pm • **ജപമാല, നൊവേന** (കാർമ്മൽ മാതാ കുടുംബയൂണിറ്റ്)
5.00 • **ദിവ്യബലി**
മുഖ്യകാർമ്മികൻ • റവ.ഫാദർ റൊസാരിയോ ബി.ജെ.
(ഇടവക വികാരി, കാഞ്ഞിരകോട്)



## 2024 ഡിസംബർ 04 ബുധൻ

| | |
|---|---|
| 6.30 am | **ജപമാല, നൊവേന** (സെന്റ്.മദർ തെരേസാ കുടുംബയൂണിറ്റ്) |
| 7.00 am | **ദിവ്യബലി** |
| 11.30 am | **ജപമാല, നൊവേന** (സെന്റ്.മാത്യൂ കുടുംബയൂണിറ്റ്) |
| 12.00 pm | **ദിവ്യബലി** |
| മുഖ്യകാർമ്മികൻ | റവ.ഫാദർ ഐസക് ഔസേപ്പ് (ഇടവക വികാരി, ചെമ്മക്കാട്) |
| 4.30 pm | **ജപമാല, നൊവേന** (സെന്റ്.സെബാസ്റ്റ്യൻ കുടുംബയൂണിറ്റ്) |
| 5.00 pm | **ദിവ്യബലി** |
| മുഖ്യകാർമ്മികൻ | റവ.ഫാ.ജോ ആന്റണി അലക്സ് (ഇടവക വികാരി, പ്രാക്കുളം) |

## 2024 ഡിസംബർ 05 വ്യാഴം

| | |
|---|---|
| 6.30 am | **ജപമാല, നൊവേന** (സെന്റ്.ബർത്തലോമിയോ കുടുംബയൂണിറ്റ്) |
| 7.00 am | **ദിവ്യബലി** |
| 11.30 am | **ജപമാല, നൊവേന,** (സെന്റ്.ഫിലിപ്പ് കുടുംബയൂണിറ്റ്) |
| 12.00 pm | **ദിവ്യബലി** |
| മുഖ്യകാർമ്മികൻ | റവ.ഫാദർ ഡിക്സൺ ആന്റണി (ഇടവക വികാരി, കണ്ണനല്ലൂർ) |
| 4.30 pm | **ജപമാല, നൊവേന** (സ്വർലോകരാജ്ഞി കുടുംബയൂണിറ്റ്) |
| 5.00 pm | **ദിവ്യബലി** |
| മുഖ്യകാർമ്മികൻ | റവ.ഫാദർ ജെയ്സൺ ജോസഫ് (ഇടവക വികാരി, രാജഗിരി) |

## 2024 ഡിസംബർ 06 വെള്ളി

| | |
|---|---|
| 6.30 am | **ജപമാല, നൊവേന** (സെന്റ്.ജോർജ്ജ് കുടുംബയൂണിറ്റ്) |
| 7.00 am | **ദിവ്യബലി** |
| 11.30 am | **ജപമാല, നൊവേന** (മെഡ്ജുഗോറി മാതാ കുടുംബയൂണിറ്റ്) |
| 12.00 pm | **ദിവ്യബലി** |
| മുഖ്യകാർമ്മികൻ | റവ.ഫാദർ ഫിൽസൺ ഫ്രാൻസിസ് (ഡയറക്ടർ, മീഡിയ കമ്മിഷൻ) |
| 4.30 pm | **ജപമാല, നൊവേന** (സന്ദർശന അമ്മ കുടുംബയൂണിറ്റ്) |
| 5.00 pm | **ദിവ്യബലി** |
| മുഖ്യകാർമ്മികൻ | റവ.ഫാദർ മേരി ജോൺ (ഇടവക വികാരി, കുമ്പളം) |

## 2024 ഡിസംബർ 07 ശനി

| | |
|---|---|
| 6.30 am | **ജപമാല, നൊവേന** (സെന്റ്. ജേക്കബ് കുടുംബയൂണിറ്റ്) |
| 7.00 am | **ദിവ്യബലി** |
| 11.00 am | **ജപമാല, നൊവേന** (സെന്റ്. സൈമൺ കുടുംബയൂണിറ്റ്) |
| 11.30 am | **സി.എൽ.സി. & ലീജിയൻ ഓഫ് മേരി സംഗമം** |
| 12.00 pm | **ദിവ്യബലി** |
| മുഖ്യകാർമ്മികൻ | റവ.ഫാദർ ഫ്രാൻസിസ് ജോൺ (ഡയറക്ടർ, സി.എൽ.സി.) |
| തുടർന്ന് | **സ്നേഹവിരുന്ന്** |
| 4.30 pm | **ജപമാല, നൊവേന** (സെന്റ്. പോൾ കുടുംബയൂണിറ്റ്) |
| 5.00 pm | **ദിവ്യബലി** |
| മുഖ്യകാർമ്മികൻ | റവ.ഫാദർ ബിബിൻ ജെ. (ഇടവക വികാരി, കലയ്ക്കോട്, കുറുമണ്ടൽ) |



## 2024 ഡിസംബർ 08 ഞായർ — അമലോത്ഭവമാതാ ദിനം

6.30 am • **ജപമാല, നൊവേന** (സെന്റ്. ലൂക്ക് കുടുംബയൂണിറ്റ്)

7.00 am • **ദിവ്യബലി**

മുഖ്യകാർമ്മികൻ • റവ.ഫാദർ ജോൺ ബ്രിട്ടോ
(ഡയറക്ടർ, ബെൻസിഗർ ഹോസ്പിറ്റൽ)

വചനസന്ദേശം • റവ.ഫാദർ ടോണി മുത്തപ്പൻ OCD
(പ്രൊവിൻഷ്യൽ, സൗത്ത് കേരള പ്രൊവിൻസ്, കൊട്ടിയം)

11.00 am • **ജപമാല, നൊവേന** (കരിസ്മാറ്റിക്)

11.30 am • **കരിസ്മാറ്റിക് പ്രൊക്ലമേഷൻ കമ്മിഷൻ സംഗമം**

12.00 pm • **ദിവ്യബലി**

മുഖ്യകാർമ്മികൻ • റവ.ഫാദർ അനിൽ ജോസ് (ഡയറക്ടർ, കരിസ്മാറ്റിക്)

തുടർന്ന് • **സ്നേഹവിരുന്ന്**

4.30 pm • **ജപമാല, നൊവേന** (സെന്റ്. മാർക്ക് കുടുംബയൂണിറ്റ്)

5.00 pm • **ദിവ്യബലി**

മുഖ്യകാർമ്മികൻ • റവ.ഫാദർ ജോൺപോൾ സി. (ഇടവക വികാരി, മുക്കാട്)

## 2024 ഡിസംബർ 09 തിങ്കൾ

6.30 am • **ജപമാല, നൊവേന** (സെന്റ്. ഫ്രാൻസിസ് സേവ്യർ കുടുംബയൂണിറ്റ്)

7.00 am • **ദിവ്യബലി**

11.00 am • **ജപമാല, നൊവേന**

11.30 am • **ബി.സി.സി. സംഗമം**

12.00 pm • **ദിവ്യബലി**

മുഖ്യകാർമ്മികൻ • റവ.ഫാദർ ജോസ് സെബാസ്റ്റ്യൻ
(ഡയറക്ടർ, ബി.സി.സി., കൊല്ലം രൂപത)

തുടർന്ന് • **സ്നേഹവിരുന്ന്**

4.30 pm • **ജപമാല, നൊവേന** (സെന്റ്. മത്യാസ് കുടുംബയൂണിറ്റ്)

5.00 pm • **ദിവ്യബലി**

മുഖ്യകാർമ്മികൻ • റവ.ഫാദർ റോബിൻ റൈറ്റസ് (ബിഷപ്പ്സ് സെക്രട്ടറി)

## 2024 ഡിസംബർ 10 ചൊവ്വ

6.30 am • **ജപമാല, നൊവേന** (ഹോളി ട്രിനിറ്റി കുടുംബയൂണിറ്റ്)

7.00 am • **ദിവ്യബലി**

11.30 am • **ജപമാല, നൊവേന** (മംഗള വാർത്താ കുടുംബയൂണിറ്റ്)

12.00 pm • **ദിവ്യബലി**

മുഖ്യകാർമ്മികൻ • റവ.ഫാദർ സൈജു ജോർജ്ജ്
(ഇടവക വികാരി, ഉളുന്തി)

4.30 pm • **ജപമാല, നൊവേന** (വിമലഹൃദയ കുടുംബയൂണിറ്റ്)

5.00 pm • **ദിവ്യബലി**

മുഖ്യകാർമ്മികൻ • റവ.ഫാദർ ബോബി SDB
(സുപ്പീരിയർ, ഡോൺബോസ്കോ ആശ്രമം, കൊട്ടിയം)



## 2024 ഡിസംബർ 11 ബുധൻ

6.30 am • **ജപമാല, നൊവേന** (ഫാത്തിമ മാതാ കുടുംബയൂണിറ്റ്)
7.00 am • **ദിവ്യബലി**
11.00 am • **ജപമാല, നൊവേന** (മഞ്ഞുമാതാ കുടുംബയൂണിറ്റ്)
11.30 am • **ലഹരിവിരുദ്ധ പ്രവർത്തകരുടെ സംഗമം**
12.00 pm • **ദിവ്യബലി**
മുഖ്യകാർമ്മികൻ • റവ.ഫാദർ മിൽട്ടൺ ജോർജ്ജ് (ഇടവക വികാരി, കോവിൽത്തോട്ടം)
തുടർന്ന് • **സ്നേഹവിരുന്ന്**
4.30 pm • **ജപമാല, നൊവേന** (പരിശുദ്ധ കുർബാന അമ്മ കുടുംബയൂണിറ്റ്)
5.00 pm • **ദിവ്യബലി**
മുഖ്യകാർമ്മികൻ • റവ.ഫാദർ ബിനു തോമസ് (ഇടവക വികാരി, മങ്ങാട്)

## 2024 ഡിസംബർ 12 വ്യാഴം

# തിരുനാൾ സമാരംഭം

6.30 am • **ജപമാല, നൊവേന** (അജപാലന സമിതി)
7.00 am • **മാതാവിന്റെ തിരുസ്വരൂപവും ക്രിസ്തുജ്യോതിയും കൊടിയും പ്രസിദേന്തിയുടെ വീട്ടിൽ നിന്നും ഫാത്തിമാ കുരിശടിവഴി പള്ളിയിലേക്ക് ആനയിക്കപ്പെടുന്നു**



8.00 am • **തിരുനാൾ കൊടിയേറ്റ്**
• റവ.ഫാദർ അമൽ രാജ് ഫ്രാൻസിസ് (ഇടവക വികാരി)
തുടർന്ന് • **തിരുനാൾ സമാരംഭ ദിവ്യബലി**
മുഖ്യകാർമ്മികൻ • റൈറ്റ്. റവ.ഡോ.സ്റ്റാൻലി റോമൻ (കൊല്ലം മുൻ മെത്രാൻ)
സഹകാർമ്മികർ • ഫൊറോനയിലെ വൈദികർ
11.00 am • **ജപമാല, നൊവേന** (സിസ്റ്റേഴ്സ്)
11.30 am • **സന്യസ്ത, കർമ്മലീത്താ അല്മായ മൂന്നാം സഭ സംഗമം**
12.00 pm • **ദിവ്യബലി**
മുഖ്യകാർമ്മികൻ • റവ.ഫാദർ പോൾ ആൽബി OCD (സുപ്പീരിയർ, കമ്പിവിള ആശ്രമം, കൊട്ടിയം)
തുടർന്ന് • **സ്നേഹവിരുന്ന്**
4.30 pm • **ജപമാല, നൊവേന** (സമർപ്പണ നാഥ കുടുംബയൂണിറ്റ്)
5.00 pm • **ദിവ്യബലി**
മുഖ്യകാർമ്മികൻ • റവ.ഫാദർ സെഫറിൻ കെ.ബി. (ഇടവക വികാരി, കായംകുളം)
8.00 pm • **നാടകം**

**തച്ചൻ**
**THE PROTECTOR**

അവതരണം :
അമല കമ്മ്യൂണിക്കേഷൻസ്,
കാഞ്ഞിരപ്പള്ളി





## 2024 ഡിസംബർ 13 വെള്ളി

| | |
|---|---|
| 6.30 am | **ജപമാല, നൊവേന** (ജപമാലരാജ്ഞി കുടുംബയൂണിറ്റ്) |
| 7.00 am | **ദിവ്യബലി** |
| 11.00 am | **ജപമാല, നൊവേന** (ഗ്വാദലൂപ്പെ കുടുംബയൂണിറ്റ്) |
| 11.30 am | **കെ.എൽ.സി.എ. സമുദായ സംഗമം** |
| 12.00 pm | **ദിവ്യബലി** |
| മുഖ്യകാർമ്മികൻ | റവ.ഫാദർ ജോർജ്ജ് സെബാസ്റ്റ്യൻ (ഡയറക്ടർ, അല്മായ കമ്മിഷൻ) |
| തുടർന്ന് | **സ്നേഹവിരുന്ന്** |
| 4.30 pm | **ജപമാല, നൊവേന** (ലൂർദ്ദ് മാതാ കുടുംബയൂണിറ്റ്) |
| 5.00 pm | **ദിവ്യബലി** |
| മുഖ്യകാർമ്മികൻ | റവ. ഫാദർ റോൾഡൻ ജേക്കബ് (ഇടവക വികാരി, നീണ്ടകര) |

## 2024 ഡിസംബർ 14 ശനി

| | |
|---|---|
| 6.30 am | **ജപമാല, നൊവേന** (സെന്റ്. തോമസ് കുടുംബയൂണിറ്റ്) |
| 7.00 am | **ദിവ്യബലി** |
| 11.00 am | **ജപമാല, നൊവേന** (വ്യാകുലമാതാ കുടുംബയൂണിറ്റ്) |
| 11.30 am | **യുവജന സംഗമം** |
| 12.00 pm | **ദിവ്യബലി** |
| മുഖ്യകാർമ്മികൻ | റവ.ഫാദർ ജിൻസൺ ഗ്രിഗറി (അസി.ഡയറക്ടർ, കെ.സി.വൈ.എം.,കൊല്ലം രൂപത) |
| തുടർന്ന് | **സ്നേഹവിരുന്ന്** |
| 4.30 pm | **ജപമാല, നൊവേന** (സെന്റ്. ജൂഡ് കുടുംബയൂണിറ്റ്) |
| 5.00 pm | **ദിവ്യബലി** |
| മുഖ്യകാർമ്മികൻ | റവ.ഫാദർ അഭിലാഷ് ഗ്രിഗറി (മാനേജർ, ഫാത്തിമാ മാതാ നാഷണൽ കോളജ്) |

## 2024 ഡിസംബർ 15 ഞായർ ഇടവക ദിനം

| | |
|---|---|
| 8.30 am | **ജപമാല, നൊവേന** (പൊതുവായിട്ടുള്ളത്) |
| 9.00 am | **ദിവ്യബലിയും കുട്ടികളുടെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണവും** |
| മുഖ്യകാർമ്മികൻ | റവ.ഫാദർ ലെജു ഐസക്ക് (ഇടവക വികാരി, തുയ്യം) |
| വചന സന്ദേശം | റവ.ഫാദർ സെബാസ്റ്റ്യൻ തോബിയാസ് OFM Cap. (സുപ്പീരിയർ, കപ്പൂച്ചിൻ ആശ്രമം, തില്ലേരി) |
| 11.00 am | **ജപമാല, നൊവേന** (വേളാങ്കണ്ണിമാതാ കുടുംബയൂണിറ്റ്) |
| 11.30 am | **കുഞ്ഞുങ്ങളെ മാതാവിന്റെ സന്നിധിയിൽ സമർപ്പിക്കുന്നു. കുഞ്ഞുങ്ങളുടെ ആദ്യ ചോറൂണും, ആദ്യാക്ഷരം കുറിക്കലും.** |
| | **വിൻസെന്റ് ഡി പോൾ സൊസൈറ്റി സംഗമം** |
| 12.00 pm | **ദിവ്യബലി** |
| മുഖ്യകാർമ്മികൻ | റവ.ഫാദർ സിൽവി ആന്റണി (ഡയറക്ടർ, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി, കൊല്ലം രൂപത) |
| തുടർന്ന് | **സ്നേഹവിരുന്ന്** |
| 4.30 pm | **ജപമാല, നൊവേന** (ക്രിസ്ത്യാനികളുടെ സഹായമാതാ കുടുംബയൂണിറ്റ്) |
| 5.00 pm | **ദിവ്യബലി** |
| മുഖ്യകാർമ്മികൻ | റവ.ഫാദർ സേവ്യർ ലാസർ (ഇടവക വികാരി, ക്ലാപ്പന) |
| തുടർന്ന് | **കലാസന്ധ്യ** (ഇടവക മക്കൾ) |



## 2024 ഡിസംബർ 16 തിങ്കൾ



| | |
|---|---|
| 6.30 am | **ജപമാല, നൊവേന** (സെന്റ്. ആന്റണി കുടുംബയൂണിറ്റ്) |
| 7.00 am | **ദിവ്യബലി** |
| 11.30 am | **ജപമാല, നൊവേന** (സെന്റ്. ജോസഫ് കുടുംബയൂണിറ്റ്) |
| 12.00 pm | **ദിവ്യബലി** |
| മുഖ്യകാർമ്മികൻ | റവ. ഫാദർ വിമൽ കുമാർ (ഇടവക വികാരി, നാന്തിരിക്കൽ) |
| 4.30 pm | **ജപമാല, നൊവേന** (സ്വർഗ്ഗാരോപിത മാതാ കുടുംബയൂണിറ്റ്) |
| 5.00 pm | **ദിവ്യബലി** |
| മുഖ്യകാർമ്മികൻ | റവ. ഫാദർ സുനിൽ ജോസ് OP (ഇടവക വികാരി, പെരുമ്പുഴ - പഴങ്ങാലം) |
| തുടർന്ന് | **ധ്യാനാരംഭം** |
| നയിക്കുന്നത് | റവ. ഫാദർ ബിജിൽ ചക്യത്ത് MSFS (കാരിസ് ഭവൻ ധ്യാനകേന്ദ്രം) |

## 2024 ഡിസംബർ 17 ചൊവ്വ

| | |
|---|---|
| 6.30 am | **ജപമാല, നൊവേന** (ദൈവജനനി കുടുംബയൂണിറ്റ്) |
| 7.00 am | **ദിവ്യബലി** |
| 11.30 am | **ജപമാല, നൊവേന** (ഭാരതരാജ്ഞി കുടുംബയൂണിറ്റ്) |
| 12.00 pm | **ദിവ്യബലി (ലത്തീൻ ഭാഷയിൽ)** |
| മുഖ്യകാർമ്മികൻ | റവ.ഫാദർ അൽഫോൺസ് എസ്. (ഇടവക വികാരി, മയ്യനാട്) |
| 4.30 pm | **ജപമാല, നൊവേന** (ലൊറേറ്റോ മാതാ കുടുംബയൂണിറ്റ്) |
| 5.00 pm | **ദിവ്യബലി** |
| മുഖ്യകാർമ്മികൻ | റവ.ഫാദർ സനു ഫ്രാൻസിസ് (ഇടവക വികാരി, മൈലക്കാട്) |
| തുടർന്ന് | **ധ്യാനം** |

## 2024 ഡിസംബർ 18 ബുധൻ

| | |
|---|---|
| 6.30 am | **ജപമാല, നൊവേന** (കാണിക്കമാതാ കുടുംബയൂണിറ്റ്) |
| 7.00 am | **ദിവ്യബലി** |
| 11.30 am | **ജപമാല, നൊവേന** (അമലോത്ഭവമാതാ കുടുംബയൂണിറ്റ്) |
| 12.00 pm | **ദിവ്യബലി** |
| മുഖ്യകാർമ്മികൻ | റവ.ഫാദർ റൊമാൻസ് ആന്റണി (ഇടവക വികാരി, കാക്കോട്ടുമൂല) |
| 4.30 pm | **ജപമാല, നൊവേന** (സെന്റ്. അൽഫോൺസാ കുടുംബയൂണിറ്റ്) |
| 5.00 pm | **ദിവ്യബലി** |
| മുഖ്യകാർമ്മികൻ | റവ.ഫാദർ പോൾ ആന്റണി (ഇടവക വികാരി, കരിത്തുറ) |
| തുടർന്ന് | **ധ്യാനം** |

## 2024 ഡിസംബർ 19 വ്യാഴം



| | |
|---|---|
| 6.30 am | **ജപമാല, നൊവേന** (നിത്യസഹായ മാതാ കുടുംബയൂണിറ്റ്) |
| 7.00 am | **ദിവ്യബലി** |
| 11.30 am | **ജപമാല, നൊവേന** (പുല്ലിച്ചിറ മാതാ കുടുംബയൂണിറ്റ്) |
| 12.00 pm | **ദിവ്യബലി** |
| മുഖ്യകാർമ്മികൻ | റവ.ഫാദർ ജോർജ്ജ് റോബിൻസൺ (ഇടവക വികാരി, കുരീപ്പുഴ) |
| തുടർന്ന് | **സ്നേഹവിരുന്ന്** |
| 4.30 pm | **ജപമാല, നൊവേന** (ഭക്തസംഘടനകൾ) |
| 5.00 pm | **ദിവ്യബലി** |
| മുഖ്യകാർമ്മികൻ | റവ.ഫാദർ വിനോദ് സെലസ്റ്റിൻ (ഇടവക വികാരി, പട്ടത്താനം) |
| തുടർന്ന് | **ധ്യാനം** |

## 2024 ഡിസംബർ 20 വെള്ളി

- 6.30 am • **ജപമാല, നൊവേന** (ബെത്‌ലെഹേം വാർഡ്)
- 7.00 am • **ദിവ്യബലി** (പരേതരായ ഇടവക കമ്മിറ്റി അംഗങ്ങൾക്കുവേണ്ടി)
- 11.30 am • **ജപമാല, നൊവേന** (എമ്മാവൂസ് വാർഡ്)
- 12.00 pm • **ദിവ്യബലി**
- മുഖ്യകാർമ്മികൻ • റവ.ഫാദർ ബോസ് ആന്റണി (ഇടവക വികാരി, കൈതാകോടി)
- 4.30 pm • **ജപമാല, നൊവേന** (ഗലീലി വാർഡ്)
- 5.00 pm • **ദിവ്യബലി**
- മുഖ്യകാർമ്മികൻ • റവ.ഫാദർ ലിബിൻ സി.റ്റി (ഇടവക വികാരി, പെരുമൺ - മുണ്ടയ്ക്കൽ)
- തുടർന്ന് • **ധ്യാന സമാപനം**
- • **ദിവ്യകാരുണ്യ പ്രദക്ഷിണം**
- • സെമിത്തേരിയിൽ മരിച്ചവർക്കായുള്ള പ്രാർത്ഥന

## 2024 ഡിസംബർ 21 ശനി

## അമലോത്ഭവമാതാ തിരുസന്നിധിയിൽ സമർപ്പണം

- 6.30 am • **ജപമാല, നൊവേന** (കെ.സി.വൈ.എം.)
- 7.00 am • **ദിവ്യബലി**
- മുഖ്യകാർമ്മികൻ • റവ.ഫാദർ മനോജ് ആന്റണി (ഇടവക വികാരി, പട്ടകടവ്)
- വചന സന്ദേശം • റവ.ഫാദർ ജോബി പുളിക്കൽ (സഹവികാരി, പടപ്പക്കര)
- തുടർന്ന് • **കായൽ വെഞ്ചരിപ്പ്**
- 1.00 pm • **ആഘോഷമായ ജപമാല, ലിറ്റിനി** (സിസ്റ്റേഴ്സ്)
- 1.30 pm • **പുല്ലിച്ചിറ മാതാവിന്റെ കിരീടവും ജപമാലയുമായുള്ള പ്രദക്ഷിണം ദേവാലയത്തിലേക്ക് പ്രവേശിക്കുന്നു.**
- 1.45 pm • **ആഘോഷമായ ദിവ്യബലി**
- മുഖ്യകാർമ്മികൻ • റവ.ഫാദർ ജോസഫ് ജോൺ (ഇടവക വികാരി, അയത്തിൽ)
- 3.00 pm • മാതാവിന്റെ തിരുസ്വരൂപം പീഠത്തിൽ പ്രതിഷ്ഠിക്കുന്നു, തിരുവാഭരണം ചാർത്തുന്നു.
- വചന സന്ദേശം • റവ.ഫാദർ ജാക്സൺ ജെയിംസ് (പ്രിൻസിപ്പൽ, ട്രിനിറ്റി ലൈസിയംസ്കൂൾ, കൊല്ലം)
- തുടർന്ന് • **പുല്ലിച്ചിറ മാതാവിന്റെ തിരുസ്വരൂപം തീർത്ഥാടന പന്തലിലേക്കാനയിക്കപ്പെടുന്നു.**
- 5.15 pm • **ജപമാല, നൊവേന** (ജെറുസലേം വാർഡ്)
- 6.00 pm • **തിരുനാൾ സായാഹ്ന പ്രാർത്ഥന**
- മുഖ്യകാർമ്മികൻ • വെരി റവ. മോൺ. വിൻസന്റ് മച്ചാഡോ (മുൻവികാർ ജനറൽ, കൊല്ലം രൂപത)
- വചന സന്ദേശം • റവ.ഫാദർ ക്രിസ്റ്റഫർ ഹെൻട്രി (ഇടവകവികാരി, കത്തീഡ്രൽ)
- • **തിരുസ്വരൂപങ്ങൾ വഹിച്ചുകൊണ്ടുള്ള ആഘോഷമായ പ്രദക്ഷിണം**

**രാത്രി 11.00 മുതൽ രാവിലെ 5.00 മണി വരെ ജാഗരണ പ്രാർത്ഥന**

- നയിക്കുന്നത് • റവ.ഫാദർ അനിൽ ജോസ് & ടീം



# 2024 ഡിസംബർ 22 ഞായർ
# അമലോത്ഭവമാതാ തിരുനാൾ ദിനം

| | |
|---|---|
| 5.30 am | **ദിവ്യബലി** (തമിഴ് ഭാഷയിൽ) |
| മുഖ്യകാർമ്മികൻ | റവ.ഫാദർ സൈജു സൈമൺ (ഡയറക്ടർ, ക്യൂ.എസ്.എസ്.എസ്.) |
| 6.30 am | **ദിവ്യബലി** (ഇംഗ്ലീഷ് ഭാഷയിൽ) |
| മുഖ്യകാർമ്മികൻ | റവ.ഫാദർ സാബു തോമസ് OCD (കൊട്ടിയം കമ്പിവിള ആശ്രമം) |
| 7.30 am | **ദിവ്യബലി** |
| മുഖ്യകാർമ്മികൻ | റവ.ഫാദർ ജെസ്മോൻ ജെറമിയാസ് FAM (മെഴ്സിഫുൾ ലൗ സെമിനാരി, കാഞ്ഞിരകോട്) |
| 8.30 am | **ദിവ്യബലി** |
| മുഖ്യകാർമ്മികൻ | റവ.ഫാദർ ബിബിൻ ജെയിംസ് OCD (ഡെലിഗേറ്റ് പ്രൊവിൻഷ്യൽ, കമ്പിവിള ആശ്രമം, കൊട്ടിയം) |
| 9.30 am | **അഭിവന്ദ്യ പിതാവിന് സ്വീകരണം** |
| 10.00 am | **തിരുനാൾ മഹോത്സവ പൊന്തിഫിക്കൽ ദിവ്യബലി** |
| മുഖ്യകാർമ്മികൻ | റൈറ്റ് റവ ഡോ.പോൾ ആന്റണി മുല്ലശ്ശേരി (കൊല്ലം രൂപത മെത്രാൻ) |
| സഹകാർമ്മികർ | ഫൊറോനയിലെ വൈദികർ |
| തുടർന്ന് | **ദിവ്യകാരുണ്യ പ്രദക്ഷിണം, ആശീർവാദം** |
| | **പള്ളിക്കുചുറ്റുമുള്ള തിരുസ്വരൂപ പ്രദക്ഷിണം** |
| | **പുതിയ പ്രസിദേന്തിയെ വാഴിക്കൽ** |
| 4.30 pm | **ജപമാല, നൊവേന** (ജോർദ്ദാൻ വാർഡ്) |
| 5.00 pm | **ദിവ്യബലി, മരിയൻ സന്ദേശം** |
| മുഖ്യകാർമ്മികൻ | റവ.ഫാദർ ലാസർ എസ്. പട്ടകടവ് (ഇടവക വികാരി, അരവിള) |
| സഹകാർമ്മികർ | ഫൊറോനയിലെ വൈദികർ |
| 9.30 pm | **ഉദ്ഘാടനം** (ഇടവക വികാരി, പുല്ലിച്ചിറ) |
| 10.00 pm | **ഗാനമേള** അവതരണം : ഓസ്കാർ മ്യൂസിക് മീഡിയ, നാഗർകോവിൽ |






## 2024 ഡിസംബർ 23 തിങ്കൾ
# തിരുനാൾ സമാപന ദിനം

| | |
|---|---|
| 7.15 am | **ജപമാല, നൊവേന** (കഫർണാം വാർഡ്) |
| 8.00 am | **പരേതരായ പ്രസിദേന്തിമാർക്കുവേണ്ടിയുള്ള ദിവ്യബലി** |
| മുഖ്യകാർമ്മികൻ | റവ.ഫാദർ ബെയ്സിൽ സ്റ്റീഫൻ OCD (പ്രൊവിൻഷ്യൽ ബർസാർ, കമ്പിവിള ആശ്രമം, കൊട്ടിയം) |
| 3.15 pm | **ജപമാല, നൊവേന** (നസ്രത്ത് വാർഡ്) |
| 4.00 pm | **കൃതജ്ഞത ദിവ്യബലി** |
| മുഖ്യകാർമ്മികൻ | റവ.ഫാദർ അമൽരാജ് എഫ്. (ഇടവക വികാരി, പുല്ലിച്ചിറ) |
| വചനസന്ദേശം | റവ.ഫാദർ ലിബിൻദാസ് FAM (സുപ്പീരിയർ, മേഴ്സിഫുൾ ലൗ സെമിനാരി, കാഞ്ഞിരകോട്) |
| | **തിരുസ്വരൂപം എഴുന്നെള്ളിക്കൽ, തിരുനാൾ കൊടിയിറക്ക്, തൃപ്പാദ ചുംബനം** |
| | **ജപമാല, നൊവേന** |
| | **തിരുസ്വരൂപ പുനഃപ്രതിഷ്ഠ** |



## 2024 ഡിസംബർ 24 ചൊവ്വ

6.30 am • **ജപമാല, നൊവേന** (തിബേരിയാസ് വാർഡ്)
7.00 am • **ദിവ്യബലി**
11.00 am • **ജപമാല, നൊവേന** (വിശ്വാസ ജീവിത ശുശ്രൂഷ സമതി)
11.30 am • **പ്രവാസി കൂട്ടായ്മ**
12.00 pm • **ദിവ്യബലി**
മുഖ്യകാർമ്മികൻ • റവ.ഫാദർ ജോയി മുസ്സോളിനി OCD (ഡയറക്ടർ, ബെത്സയ്ദാ ധ്യാനകേന്ദ്രം, വിഴിഞ്ഞം)
തുടർന്ന് • **സ്നേഹവിരുന്ന്**
11.30 pm • **തിരുപ്പിറവി ആഘോഷം പാതിരാകുർബാന**
മുഖ്യകാർമ്മികൻ • റവ.ഫാദർ അമൽരാജ് എഫ്. (ഇടവക വികാരി, പുല്ലിച്ചിറ)

## 2024 ഡിസംബർ 25 ബുധൻ

6.30 am • **ജപമാല, നൊവേന** (വിദ്യാഭ്യാസ ശുശ്രൂഷ സമിതി)
7.00 am • **ക്രിസ്തുമസ് ദിന പ്രഭാത ദിവ്യബലി**
മുഖ്യകാർമ്മികൻ • റവ.ഫാദർ അമൽരാജ് എഫ്. (ഇടവക വികാരി, പുല്ലിച്ചിറ)
4.30 pm • **ജപമാല, നൊവേന** (സാമൂഹിക സേവന ശുശ്രൂഷ സമിതി)
5.00 pm • **ദിവ്യബലി**
മുഖ്യകാർമ്മികൻ • റവ.ഫാദർ പ്രമീദ് CSJ (സഹവികാരി കടവൂർ)

## 2024 ഡിസംബർ 26 വ്യാഴം

6.30 am • **ജപമാല, നൊവേന** (കുടുംബപ്രേക്ഷിത ശുശ്രൂഷ സമിതി)
7.00 am • **ദിവ്യബലി**
11.30 am • **ജപമാല, നൊവേന** (യുവജന ശുശ്രൂഷ സമിതി)
12.00 pm • **ദിവ്യബലി**
മുഖ്യകാർമ്മികൻ • റവ.ഫാദർ ബെൻസൺ ബെൻ (ഇടവക വികാരി, ഇരവിപുരം)
4.30 pm • **ജപമാല, നൊവേന** (അല്മായ ശുശ്രൂഷ സമിതി)
5.00 pm • **ദിവ്യബലി**
മുഖ്യകാർമ്മികൻ • റവ.ഫാദർ ജോയി ലൂയിസ് (ഇടവക വികാരി, കൊട്ടിയം)

## 2024 ഡിസംബർ 27 വെള്ളി

6.30 am • **ജപമാല, നൊവേന** (ലീജിയൻ ഓഫ് മേരി)
7.00 am • **ദിവ്യബലി**
11.00 am • **ജപമാല, നൊവേന** (കർമ്മലീത്ത സഭ)
11.30 am • **കെ.സി.എസ്.എൽ. സംഗമം**
മുഖ്യകാർമ്മികൻ • റവ.ഫാദർ ജിജോ ജോസ് (ഡയറക്ടർ, കെ.സി.എസ്.എൽ.)
തുടർന്ന് • **സ്നേഹവിരുന്ന്**
4.30 pm • **ജപമാല, നൊവേന** (വിൻസന്റ് ഡി പോൾ സൊസൈറ്റി)
5.00 pm • **ദിവ്യബലി**
മുഖ്യകാർമ്മികൻ • റവ.ഫാദർ ഫ്രാങ്ക്ളിൻ ഫ്രാൻസിസ്
(ഇടവക വികാരി, പോർട്ടുകൊല്ലം)



## 2024 ഡിസംബർ 28 ശനി

6.30 am • **ജപമാല, നൊവേന** (സി.എൽ.സി.)
7.00 am • **ദിവ്യബലി**
11.00 am • **ജപമാല, നൊവേന** (നവോമി കൂട്ടായ്മ)
11.30 am • **തടവറ പ്രേക്ഷിതത്വം, വിധവ കൂട്ടായ്മ, കുടുംബശുശ്രൂഷാ സംഗമം**
മുഖ്യകാർമ്മികൻ • റവ.ഫാദർ ജിൻസൺ ഏണസ്റ്റ് (ഡയറക്ടർ, തടവറ പ്രേക്ഷിതത്വം)
തുടർന്ന് • **സ്നേഹവിരുന്ന്**
4.30 pm • **ജപമാല, നൊവേന** (കൊൺഫ്രിയ സഭാംഗങ്ങൾ)
5.00 pm • **ദിവ്യബലി**
മുഖ്യകാർമ്മികൻ • റവ.ഫാദർ ബെനഡിക്ട് OCD
(ഡയറക്ടർ, ബെൻസിഗർ സോഷ്യൽ സർവ്വീസ് സെന്റർ, കമ്പിവിള ആശ്രമം കൊട്ടിയം)

## 2024 ഡിസംബർ 29 ഞായർ

6.30 am • **ജപമാല, നൊവേന** (തിരുബാലസഖ്യം)
7.00 am • **ദിവ്യബലി**
11.00 am • **ജപമാല, നൊവേന** (അധ്യാപകർ, മതാധ്യാപകർ)
11.30 am • **മതാധ്യാപക - അധ്യാപക സംഗമം**
12.00 pm • **ദിവ്യബലി**
മുഖ്യകാർമ്മികൻ • റവ.ഫാദർ ലിൻസൺ കെ. ആറാടൻ
(ഡയറക്ടർ, മതബോധനം, കൊല്ലം രൂപത)
തുടർന്ന് • **സ്നേഹവിരുന്ന്**
4.30 pm • **ജപമാല, നൊവേന** (സിസ്റ്റേഴ്സ്, കൊട്ടിയം വിമലഹൃദയ ധ്യാനകേന്ദ്രം)
5.00 pm • **ദിവ്യബലി**
മുഖ്യകാർമ്മികൻ • റവ.ഫാദർ അനീഷ് ആൻസൽ
(സഹവികാരി, തുയ്യം)

## 2024 ഡിസംബർ 30 തിങ്കൾ

6.30 am • **ജപമാല, നൊവേന** (MSST സിസ്റ്റേഴ്സ്, കാക്കോട്ടുമൂല)
7.00 am • **ദിവ്യബലി**
11.30 am • **ജപമാല, നൊവേന** (MSST സിസ്റ്റേഴ്സ്, ഉമയനല്ലൂർ)
12.00 pm • **ദിവ്യബലി**
മുഖ്യകാർമ്മികൻ • റവ.ഫാദർ ബിജു ജോസഫ്
(ഇടവക വികാരി, ശാസ്താംകോട്ട)
4.30 pm • **ജപമാല, നൊവേന** (ഹോളിക്രോസ് സിസ്റ്റേഴ്സ്, കൊട്ടിയം)
5.00 pm • **ദിവ്യബലി**
മുഖ്യകാർമ്മികൻ • റവ.ഫാദർ ഇമ്മാനുവൽ ആന്റണി
(സഹവികാരി, മുക്കാട്)



## 2024 ഡിസംബർ 31 ചൊവ്വ

| | |
|---|---|
| 6.30 am | **ജപമാല, നൊവേന** (ഇടവക CTC സിസ്റ്റേഴ്സ്, പുല്ലിച്ചിറ) |
| 7.00 am | **ദിവ്യബലി** |
| 11.30 am | **ജപമാല, നൊവേന** (FIS സിസ്റ്റേഴ്സ്, മയ്യനാട്) |
| 12.00 pm | **ദിവ്യബലി** |
| മുഖ്യകാർമ്മികൻ | **റവ.ഫാദർ ഷാജൻ വർഗീസ്** (ഡയറക്ടർ, ക്രിസ്തുജ്യോതിസ് ആനിമേഷൻ സെന്റർ, കൊട്ടിയം) |
| 4.30 pm | **ജപമാല, നൊവേന** (ആനിമേറ്റേഴ്സ്) |
| 5.00 pm | **തീർത്ഥാടന സമാപന ദിവ്യബലി** |
| മുഖ്യകാർമ്മികൻ | **റവ.ഫാദർ രാജേഷ് മാർട്ടിൻ** (ഇടവക വികാരി, ശക്തികുളങ്ങര) |
| വചനസന്ദേശം | **റവ.ഫാദർ അഗസ്റ്റിൻ സേവ്യർ** (ഇടവക വികാരി, കുളങ്ങരഭാഗം) |

N.B. **2024 നവംബർ 29 വൈകുന്നേരം 4.00 മണിമുതൽ തിരുനാളിനോടനുബന്ധിച്ച് ഒരുക്ക കുമ്പസാരം ഉണ്ടായിരിക്കുന്നതാണ്.**

### പുല്ലിച്ചിറ മാതാവിന്റെ കാരുണ്യം ലഭിച്ച സാക്ഷികളിൽ ചിലർ...

1. കല്യാണം കഴിഞ്ഞ് 8 വർഷം ആയിട്ടും കുഞ്ഞുങ്ങൾ ഇല്ലായിരുന്നു. കഴിഞ്ഞ നവംബറിൽ ഇവിടെ വന്ന് മാതാവിനോട് പ്രാർത്ഥിച്ചു. മാതാവ് 2 മക്കളെ നൽകി അനുഗ്രഹിച്ചു. നിഷ ജിജോ.
2. മാതാവിനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി കുഞ്ഞിനെ നൽകി മാതാവ് അനുഗ്രഹിച്ചു. അനൂപ് & ജീതു, ഇരവിപുരം.
3. മാതാവിനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി എഡ്ന ക്ലീറ്റസ് എന്ന മകൾക്ക് IAS പരീക്ഷ വിജയം നൽകി മാതാവ് അനുഗ്രഹിച്ചു. ക്ലീറ്റസ്, എമിലിയ
4. 5 വർഷം കുഞ്ഞുങ്ങൾ ഇല്ലാതിരുന്ന ദമ്പതികൾ മാതാവിനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി ആതിര എന്ന കുഞ്ഞു മകളെ നൽകി മാതാവ് അനുഗ്രഹിച്ചു.
5. മേരി എന്ന മകൾ കാൻസർ രോഗ ചികിത്സയിൽ ആയിരുന്നു. മാതാവിനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി കാൻസർ രോഗം ഭേദമായി.
6. മാതാവിനോട് വിവാഹം നടക്കുന്നതിനുവേണ്ടി പ്രാർത്ഥിച്ചതിന്റെ ഫലമായി വിവാഹം തടസം നീക്കി മാതാവ് അനുഗ്രഹിച്ചു. റോബിൻ രാജ്.
7. മക്കളുടെ UK യിൽ പോകുന്നതിനുള്ള തടസങ്ങൾ മാറുവാനായി മാതാവിനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി 2 മക്കൾക്കും UK യിൽ പോകുവാൻ മാതാവ് അനുഗ്രഹിച്ചു. സാറാമ്മ ജോയ്.
8. മാതാവിനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി ഭവനം നൽകി അനുഗ്രഹിച്ചു. ത്രേസ്യ.
9. ഭർത്താവിന് UK യിൽ പോകുന്നതിനുള്ള തടസങ്ങൾ നീക്കി മാതാവ് അനുഗ്രഹിച്ചു. മനീഷ മൈക്കിൾ.
10. മകന്റെ വിവാഹ തടസം മാറ്റുകയും കുഞ്ഞിനെ നൽകുകയും ചെയ്ത് മാതാവ് അനുഗ്രഹിച്ചു. ലാലി ഗോമെസ്.
11. മാതാവിനെ വിളിച്ചു പ്രാർത്ഥിച്ചു. മകന് MBBS ന് കോന്നി മെഡിക്കൽ കോളേജിൽ അഡ്മിഷൻ നൽകി അനുഗ്രഹിച്ചു. ഒരു വിശ്വാസി
12. എന്റെ മകൾ കാതറിന്റെ ശ്വാസംമുട്ട് മാതാവിന്റെ മാദ്ധ്യസ്ഥത്താൽ സുഖപ്പെട്ടു. റീന സ്റ്റീഫൻ, പുല്ലിച്ചിറ

## 2024 December 21 Saturday

# St Michael's Church

East Ham, London E6, 6ED
Rosary & Novena at 2.00 pm Followed by Holy Mass
Reception afterwards at St. Michael's School Hall,
Howard Road, East Ham, London E6 6EE

**PULLICHIRA FEAST COMMITTEE -LONDON**



## പുല്ലിച്ചിറ അമലോത്ഭവ മാതാവിന്റെ ദർശനകഥ

- ഏകദേശം 503 വർഷങ്ങൾക്ക് മുമ്പ് കടൽ കടന്ന് പരവൂർ കായലിലൂടെ ഒഴുകിവന്ന ഒരു പെട്ടി പുല്ലിച്ചിറ പള്ളിയുടെ തീരത്തടിഞ്ഞു.
- പള്ളിമണി അടിച്ച് ജനങ്ങൾ കൂടിയപ്പോൾ പെട്ടിക്കകത്ത് പൊന്നോ, കപ്പൽകൊള്ളമുതലോ മറ്റോ ആയിരിക്കുമെന്ന് അഭിപ്രായമുയർന്നു.
- വൈദികന്റെ നിർദ്ദേശപ്രകാരം പെട്ടി തുറന്നപ്പോൾ അമലോത്ഭവ മാതാവിന്റെ തേജോമയമായ തിരുസ്വരൂപം കാണപ്പെട്ടു.
- തുടർന്ന് മാതാവിന് പുല്ലിച്ചിറയിൽ ഇരിക്കണോ അതോ മറ്റേതെങ്കിലും ദേവാലയത്തിലാകണോ, മറിച്ച് പെട്ടിയോടെ ഒഴുക്കി വിടണോ എന്നുള്ള കാര്യങ്ങൾ മൂന്ന് നറുക്കായി ഇട്ടപ്പോൾ മാതാവിന് പുല്ലിച്ചിറ മതി എന്ന് നറുക്ക് വീണു.
- പുല്ലിച്ചിറയിൽ പ്രതിഷ്ഠ തിരുസ്വരൂപം കാണാൻ ജനങ്ങൾ ഓടിക്കൂടി. അന്ന് രാത്രിയിൽ തിരുസ്വരൂപത്തിനുമുന്നിൽ പ്രാർത്ഥിച്ചു കൊണ്ടിരുന്ന വൈദികൻ മാതാവിന്റെ ദിവ്യസ്വരം കേട്ടു. "നിങ്ങൾ എനിക്ക് കിഴക്കോട്ട് ദർശനമേകണം".
- അപ്രകാരം കിഴക്കോട്ട് ദർശനമാക്കി വച്ചിരിക്കുന്ന പുല്ലിച്ചിറ അമലോത്ഭവ മാതാവിനെ ഭക്തർ "മലനോക്കിയമ്മ" എന്നും ദേവാലയ നിർമ്മാണ സമയത്ത് അത്ഭുതകരമാം വിധം കായലിലെ ഉപ്പുരസം മാറ്റിയതിന് "ഉപ്പുവെള്ളം" നല്ല വെള്ളമാക്കിയ അമ്മ എന്നും വിളിക്കുന്നു.
- അമലോത്ഭവത്തിന്റെ മാഹാത്മ്യം വെളിപ്പെടുത്തിത്തന്ന പരിശുദ്ധ ദൈവമാതാവേ, ഉത്ഭവപാപത്തോടെ ജനിച്ച ഞങ്ങൾക്ക് നിർമ്മലമായ ജീവിതം നയിച്ച് മറ്റുള്ളവർക്ക് നന്മയുടെയും സ്നേഹത്തിന്റെയും മാതൃക കാട്ടി കൊടുക്കുവാനുള്ള കൃപ നൽകി അനുഗ്രഹിക്കണമേ...

## തീർത്ഥാടന കേന്ദ്രത്തിലെ നേർച്ചകൾ

- **പാളയും കയറും, തൊട്ടിൽ, മുത്തുക്കുട, പട്ട്, കുരുമുളക്, ഉപ്പ്, ആൾരൂപങ്ങൾ ഇവ തീർത്ഥാടന കേന്ദ്രത്തിൽ ലഭിക്കും.**
- **സ്വർണ്ണം, പൂജാപ്പണം, സംഭാവനകൾ എന്നിവ നൽകുന്നവർ കമ്മിറ്റി ഓഫീസിൽ കൊടുത്ത് രസീത് വാങ്ങണം.**
- **അടിമ സമർപ്പണത്തിന് എപ്പോഴും സൗകര്യം ഉണ്ടായിരിക്കും.**
- **തിരുനാൾ ദിനങ്ങളിൽ ഉച്ചഭക്ഷണം നേർച്ചയായി വിതരണം ചെയ്യുന്നവർ പളളി കമ്മിറ്റി യുടെ അനുവാദത്തോടെ വിതരണം ചെയ്യേണ്ടതാണ്.**

## മരിയൻ തീർത്ഥാടന കേന്ദ്രത്തിലെ സാധാരണ ദിനങ്ങളിലെ തിരുക്കർമ്മ സമയ വിവരം



| | | |
|---|---|---|
| **ഞായർ** | : | **ദിവ്യബലി രാവിലെ 7.00ന്, 8.30 ന് വൈകുന്നേരം 5.00 ന്** |
| **തിങ്കൾ മുതൽ ശനി വരെ** | : | **രാവിലെ 6.15 ന് ദിവ്യകാരുണ്യാരാധന, 6.45 ന് ദിവ്യബലി** |
| **ചൊവ്വ വൈകിട്ട് 4.30 ന്** | : | **ജപമാല, വി. അന്തോനീസിന്റെ നൊവേന, ദിവ്യബലി തുടർന്ന് ദിവ്യകാരുണ്യ ആശീർവാദം.** |
| **വ്യാഴം വൈകിട്ട് 4.30 ന്** | : | **ജപമാല, അമലോത്ഭവ മാതാവിന്റെ നൊവേന, ദിവ്യബലി തുടർന്ന് ദിവ്യകാരുണ്യ ആശീർവാദം** |
| **ശനി രാവിലെ 6.15 ന്** | : | **ദിവ്യകാരുണ്യ ആരാധന, ദിവ്യബലി തുടർന്ന് നിത്യസഹായമാതാവിന്റെ നൊവേന.** |

**മാസത്തിലെ ആദ്യവെള്ളിയാഴ്ചകളിൽ രാവിലെ 10.00 മണിമുതൽ കൈകെട്ടിയ ഈശോയുടെ കുരിശടിയിൽ കുരിശിന്റെ വഴി, കരുണയുടെ ജപമാല, ദേവാലയത്തിൽ ദിവ്യകാരുണ്യാരാധന, ദിവ്യബലി, തുടർന്ന് നേർച്ച കഞ്ഞി വിതരണം**

## പുല്ലിച്ചിറ പരിശുദ്ധ അമലോത്ഭവ മാതാ ചരിത്രം



തെക്കൻ കേരളത്തിലെ പ്രഥമ തീർത്ഥാടന കേന്ദ്രമാണ് കൊല്ലം രൂപതയിലെ പുല്ലിച്ചിറ അമലോത്ഭവ മാതാവിന്റെ പള്ളി. തോമാശ്ലീഹായുടെ ശിഷ്യന്മാരാണ് എ.ഡി. 53-ൽ ഇവിടെ ആദ്യവിശ്വാസ സമൂഹം സ്ഥാപിച്ചത്.

അറബിക്കടലിൽ കൊടുങ്കാറ്റിൽ അകപ്പെട്ട പോർച്ചുഗീസ് യാനത്തിൽ നിന്ന് നാവികർ ഭാരമുള്ള വസ്തുക്കൾ വലിച്ചെറിഞ്ഞു തുടങ്ങി. കപ്പലിലെ പ്രാർത്ഥനാ മുറിയിൽ പൂജ്യമായി സൂക്ഷിച്ചിരുന്ന അമലോത്ഭവ മാതാവിന്റെ സ്വരൂപവും പെട്ടിയിലാക്കി ഒടുവിൽ അരമനസ്സോടെ കടലിലേയ്ക്കിട്ടു. സ്വരൂപപെട്ടി തിരമാലകളിൽ സ്പർശിച്ചതും കൊടുങ്കാറ്റ് ശമിച്ചു. തിരയടങ്ങി. വലിയ ഒരു കപ്പലപകടത്തിൽ നിന്നും തങ്ങളെ രക്ഷിച്ചത് പരിശുദ്ധ കന്യാമറിയത്തിന്റെ മാദ്ധ്യസ്ഥ്യമാണെന്ന് അവർ വിശ്വസിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്തു. ആനന്ദാശ്രുക്കൾ പൊഴിച്ച നാവികർ കപ്പൽത്തട്ടിൽ വച്ച് പ്രതിജ്ഞയെടുത്തു. കപ്പലിൽ നിന്നും അകലേയ്ക്ക് ഒഴുകിത്തുടങ്ങിയ ആ മാതൃസ്വരൂപം ഏത് കരയ്ക്ക് അടിഞ്ഞാലും അവിടെ സുന്ദരമായൊരു ദേവാലയം അവരുടെ പ്രയത്നഫലമായി നിർമ്മിക്കും. ആ ദേവാലയത്തിന് അമലോത്ഭവ മാതാവിന്റെ പേരും നൽകും.

പൂർണ്ണമായും തടിയിൽ നിർമ്മിതമായ ആ രൂപം പുല്ലിച്ചിറ കായൽ തീരത്ത് പിറ്റേ പ്രഭാതത്തിൽ ഒഴുകിയെത്തി. വിശ്വാസസമൂഹം ആ തിരുസ്വരൂപം അവരുടെ പ്രാർത്ഥനാലയത്തിൽ പ്രതിഷ്ഠിച്ചു. പുരോഹിതൻ മാതാവിന്റെ രൂപത്തിന് മുന്നിൽ പ്രാർത്ഥിച്ചപ്പോഴെല്ലാം മിന്നൽ പ്രകാശം കാണുകയും അശരീരി വചസ്സുകൾ കേൾക്കുകയും ചെയ്തു. നിങ്ങളെന്നെ കിഴക്കോട്ട് ദർശനമാക്കണം. അങ്ങനെ മാതാവിനെ കിഴക്ക് ദിശയിലേയ്ക്ക് തിരിച്ചുവച്ചു. അതിനാൽ കിഴക്കു നോക്കി അമ്മയെന്നും മലനോക്കി അമ്മയെന്നും മാതൃസ്വരൂപത്തെ പഴമക്കാർ വിളിച്ചു.

പ്രതിജ്ഞ നിറവേറ്റാൻ വ്യഗ്രചിത്തരായി പല കരകൾ തിരഞ്ഞെത്തിയ പോർച്ചുഗീസ് നാവികർ ആ അത്ഭുതമനോഹര സ്വരൂപം പുല്ലിച്ചിറയിൽ കണ്ടെത്തി. നാട്ടുകാരുടേയും കൊല്ലം രൂപതയുടെ പുരോഹിതരുടേയും സഹകരണത്തോടെ എ.ഡി. 1572-ൽ പുല്ലിച്ചിറയിലെ ദേവാലയം പൂർത്തിയാക്കി. അവരുടെ മാനസറാണിയായ മാതാവിന്റെ രൂപം പ്രതിഷ്ഠിക്കുന്നതിനായി കലാചാതുരിയും ക്രൈസ്തവസംസ്കാരവും തുടിക്കുന്ന കൊത്തുപണികളുള്ള തടിയിൽ നിർമ്മിച്ച ആൾട്ടർ ഫസാഡ് പോർച്ചുഗലിൽ നിന്ന് കൊണ്ടുവന്നു. അതിന്റെ ഏറ്റവും മുകളിൽ അമ്മയുടെ തിരുസ്വരൂപം അവർ പ്രതിഷ്ഠിച്ചു.

പോർച്ചുഗീസുകാർ പള്ളി നിർമ്മാണത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുമ്പോൾ ശുദ്ധജലദൗർലഭ്യം ഉണ്ടായപ്പോൾ വിശ്വാസികളുടെ പ്രാർത്ഥനാ മന്ത്രങ്ങൾ ഉയർന്നു. കായലിലെ ഉപ്പുവെള്ളം നല്ലവെള്ളമായി. ആ വെള്ളമാണ് പിന്നീട് ദേവാലയ പണിക്ക് ഉപയോഗിച്ചത്. ഈ അത്ഭുതത്തിന് പിന്നിൽ പരിശുദ്ധ കന്യകാമറിയമാണെന്ന് വിശ്വസിച്ച അവർ ഉപ്പുവെള്ളം നല്ല വെള്ളമാക്കിയ അമ്മ എന്ന് മാതാവിനെ വിളിച്ചു. പിന്നീടങ്ങോട്ട് ചെറുതും വലുതുമായ അനേകം അത്ഭുതങ്ങൾ ഈ പുണ്യഭൂവിൽ പ്രാർത്ഥനയുടേയും അനുരഞ്ജനത്തിന്റേയും ഫലമായി നടന്നു. അങ്ങനെ ഭക്തർ പുല്ലിച്ചിറയിൽ വാഴുന്ന ദൈവമാതാവിനെ പുല്ലിച്ചിറ അമ്മയെന്നും പുല്ലിച്ചിറ മാതാവെന്നും വിളിക്കാൻ തുടങ്ങി. അമ്മയുടെ മാദ്ധ്യസ്ഥ്യത്താൽ ഇപ്പോഴും അത്ഭുതങ്ങൾ തുടർന്നുകൊണ്ടേയിരിക്കുന്നു.

എ.ഡി. 1627-ൽ പുല്ലിച്ചിറയിലെ വിശ്വാസ സമൂഹത്തെ ഇടവകയായി ഉയർത്തി. പോർച്ചുഗീസ് ശൈലിയിൽ 1572-ൽ നാവികർ നിർമ്മിച്ച ദൈവാലയ സ്ഥാനത്ത് 1974-ൽ പുതിയ ദേവാലയം ഇടവക സമൂഹം നിർമ്മിച്ചു. ഈ നവീന ദേവാലയത്തിലും പോർച്ചുഗീസ് നിർമ്മിതമായപഴയ ആൾട്ടർ ഫസാഡ് സ്ഥാപിച്ചിട്ടുണ്ട്. ഈ അൾത്താരയിൽത്തന്നെയാണ് പുല്ലിച്ചിറ മാതാവിന്റെ തിരുസ്വരൂപവും പ്രതിഷ്ഠിച്ചിരിക്കുന്നത്. കലാചാതുരി നിറഞ്ഞ ഫസാഡും അത്ഭുതരൂപവും കാണാൻ തീർത്ഥാടകർക്ക് പുറമേ വിനോദസഞ്ചാരികളും നിത്യവും പുല്ലിച്ചിറയിൽ എത്തുന്നു.

പുല്ലിച്ചിറ മാതാവിന്റെ പരിശുദ്ധ സവിധത്തിൽ എത്തുന്ന ലക്ഷക്കണക്കിന് തീർത്ഥാടകരുടേയും സഞ്ചാരികളുടേയും ഇടവക സമൂഹത്തിന്റേയും ആഗ്രഹം കണക്കിലെടുത്ത് പുല്ലിച്ചിറ ദേവാലയത്തെ വത്തിക്കാൻ 2004 ഡിസംബർ 8-ന് മരിയൻ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചു. 1974-ൽ നിർമ്മിക്കപ്പെട്ട ഈ ദേവാലയത്തിന്റെ പഴമയും പാരമ്പര്യവും, ആകാരഭംഗിയും നിർമ്മാണ വൈവിധ്യവും നിലനിർത്തിക്കൊണ്ട് നവീകരിച്ച ദേവാലയം 2011 ഡിസംബർ 1-ാം തീയതി ആശീർവദിച്ചു.

---

## തീർത്ഥാടകരുടെ യാത്രാ സൗകര്യം

കൊല്ലം-തിരുവനന്തപുരം ദേശീയപാതയിൽ (എൻ.എച്ച്.-66) കൊട്ടിയം ജംഗ്ഷനിൽ നിന്ന് 2 കിലോമീറ്റർ തെക്കുദിശയിലാണ് തീർത്ഥാടന കേന്ദ്രം. കൊല്ലം മയ്യനാട് റെയിൽവേ സ്റ്റേഷനുകളിൽ നിന്നും കൊല്ലം, കൊട്ടിയം, മയ്യനാട് ജംഗ്ഷനുകളിൽ നിന്നും തീർത്ഥാടന കേന്ദ്രത്തിലേക്ക് എപ്പോഴും ബസ്സ് സർവ്വീസ് ഉണ്ട്.

**കൊല്ലം റെയിൽവേ സ്റ്റേഷൻ-പുല്ലിച്ചിറ**

പുല്ലിച്ചിറ തീർത്ഥാടന കേന്ദ്രം - 12 കിലോമീറ്റർ



**കൊല്ലം കെ.എസ്.ആർ.ടി.സി.ബസ് സ്റ്റാന്റ്-പുല്ലിച്ചിറ**

പുല്ലിച്ചിറ തീർത്ഥാടന കേന്ദ്രം - 14 കി.മീ.,
കൊട്ടിയം - പുല്ലിച്ചിറ 2.00 കി.മീ,
മയ്യനാട് - പുല്ലിച്ചിറ 2.5 കി.മീ.





പുല്ലിച്ചിറ പരിശുദ്ധ അമ്മേ
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ...
കൊല്ലം രൂപതാ മരിയൻ തീർത്ഥാടന കേന്ദ്രത്തിലേക്ക് സ്വാഗതം
Cover design: dixon, kpzha #8907103883